**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5352** **12-08-2021 - ൽ മറുപടിയ്ക്ക്**

**മാർമല ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ മാർമല ജലവൈദ്യുതി പദ്ധതിക്ക് നെഗോഷ്യേറ്റട്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (എ) | 24.12.2014 തീയതിയിലെ ബോർഡ് ഉത്തരവ് അനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിന് IDC&MNRE സബ്സിഡിയും ഉൾപ്പെടെ 56.10 കോടി രൂപയുള്ള അനുമതി കെ.എസ്.ഇ.ബി നല്കിയിട്ടുണ്ട്. 16.02.2015 തീയതിയിലെ G.O(Rt)No.42/2015/PD അനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നുമുള്ള അനുമതിയും നല്കിയിട്ടുണ്ട്. മാർമല ചെറുകിട ജലവൈദ്യുതി പദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. 14.07.2016 തീയതിയിലെ ബോർഡ് ഉത്തരവ് അനുസരിച്ച് നെഗോഷ്യേയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നല്കിയിട്ടുണ്ട്. 20.11.2017 തീയതിയിലെ G.O(Rt)No.4937/2017/RD പ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സർക്കാരിൽ നിന്നുമുള്ള അനുമതിയും നല്കിയിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയതനുസരിച്ച് പാലാ സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നിന്നും സർവ്വേ ജോലികൾ പൂർത്തിയാക്കി, സർവ്വേ സ്കെച്ചുകൾ സർവ്വേ സൂപ്രണ്ടിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ 30.12.2019-ലും 09.01.2020-ലും രണ്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗങ്ങൾ വിളിച്ചിരുന്നു. എന്നാൽ പട്ടയമില്ലാത്ത ഭൂമിയുടെ അസസ്സ്മെന്റിൽ സർക്കാർ തീരുമാനം ആകാത്തതിനാൽ യോഗങ്ങൾ നടത്താൻ കഴിഞ്ഞില്ല. പിന്നീട് പട്ടയരഹിത ഭൂമി സൗജന്യമായി നൽകു വാനുള്ള സമ്മതപത്രം ഭൂമി ഉടമകൾ സമർപ്പിക്കുകയും തുടർന്ന് 5.9099 ഹെക്ടർ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനായുള്ള ഡി.എൽ.പി.സി കൂടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) 24.08.2020-ൽ പുറപ്പെടുവിച്ച കത്ത് വഴി ജില്ലാ കളക്ടറോട്, മാർമല ചെറുകിട ജല വൈദ്യുതപദ്ധതിയ്ക്കായി ലാന്റ് അക്വിസിഷൻ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്ക ന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം റിക്വിസിഷൻ ഫോം സമർപ്പിക്കുകയും കണ്ടിൻജൻസി ചാർജ് ആയി 4,38,243/- രൂപ 10.06.2021-ൽ, പാലാ LA (General) തഹസിൽദാർ ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടയ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനു ശേഷം നടപടിക്രമങ്ങൾ മാറുന്നത് കാലതാമസം സൃഷ്ടിക്കുമെന്ന് കരുതുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കാനും നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കാനും നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കു വേണ്ടി ഒരു പ്രോജക്ട് മാനേജറേയും അനുബന്ധ സ്റ്റാഫിനേയും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ